# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6107** 28.10.2011-ൽ മറുപടിക്ക്.

**എയർ- ടാക്സി സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ | | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എയർ-ടാക്സി സർവ്വീസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) യും (ബി) യും (സി) | സംസ്ഥാനത്തിനകത്ത് ആകാശ മാർഗ്ഗേയുള്ള ഗതാഗത സൗകര്യം വികസിപ്പിക്കുന്നതിന് ഒരു സംസ്ഥാന വ്യോമയാന പദ്ധതി രൂപപ്പെടുത്തണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയം സംസ്ഥാന സർക്കാരിനോടാവശ്യപ്പെട്ടതിനെത്തുടർന്ന് സംസ്ഥാന വ്യോമയാന പദ്ധതിയുടെ മുഖ്യ സവിശേഷതകളെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാട് സൃഷ്ടിക്കുവാൻ നിലവിലുള്ള എയർപോർട്ടുകളുമായും ജില്ലാ ഭരണകൂടങ്ങളുമായും മറ്റ് ബന്ധപ്പെട്ടവരുമായും ഗതാഗത വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി 16.5.2011-ന് യോഗം ചേരുകയും പദ്ധതി നടത്തിപ്പിന്റെ വിവിധ വശങ്ങൾ ചർച്ച നടത്തുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ജില്ലാ കളക്ടർമാരോടും എയർപോർട്ട് ഡയറക്ടർമാരോടും നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന വ്യോമയാന പദ്ധതി രൂപീകരിക്കുമ്പോൾ അതിൽ ഇടുക്കി, വയനാട് , മലപ്പുറം എന്നീ ജില്ലകളിലേയ്ക്ക് ഹെലികോപ്ടർ സർവ്വീസും, seaplane സർവ്വീസുകൾ എന്നിവയും ഉൾപ്പെടുത്തണമെന്നാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | എയർ -ടാക്സി ആരംഭിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുമോ; | | |
| (സി) | ഇതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും യോഗം വിളിച്ചു ചേർത്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | | |

സെക്ഷൻ ഓഫീസർ